# Deepika

# 21 July 2018

# Edakochi, Thopumpady, Roads Damaged, Heavy Rainfall



## തോപ്പുംപടി മുതൽ ഇടക്കൊച്ചി വരെ

# മഴയിൽ തകർന്ന് റോഡുകൾ

**പള്ളുരുത്തി:** കനത്ത മഴയിൽ തോപ്പുംപടി മുതൽ ഇടക്കൊച്ചി വരെയുള്ള റോഡുകൾ തകർന്നു തരിപ്പണമായി. ടാറിംഗ് പൊളിഞ്ഞു വെള്ളക്കെട്ടു നിറഞ്ഞ റോഡുകൾ യാത്രക്കാർക്കു തീരാ ദുരിതമാണ് സമ്മാനിക്കുന്നത്.

തോപ്പുംപടി കോടതിക്കു മുന്നിൽ വലുതും ചെറുതുമായി നിരവധി കുഴികളാണ് രൂപപ്പെട്ടിട്ടുള്ളത്. കുഴിയിലൂടെ വാഹനങ്ങൾ സാവധാനം സഞ്ചരിക്കുന്നതിനാൽ ഇവിടെ രൂക്ഷമായ ഗതാഗതക്കുരുക്കുമുണ്ട്. സുറിയാനി പള്ളി, നടക്കൽ, മരുന്നുകട, പള്ളുരുത്തി വെളി, കുമ്പളങ്ങി വഴി, ഇടക്കൊച്ചി എന്നിവിടങ്ങളിലെ റോഡുകളിൽ ഗർത്തങ്ങൾ നിറഞ്ഞിരിക്കയാണ്.

ഇടക്കൊച്ചി ബസ്സ്റ്റാൻഡ് മുതൽ സെന്റ് ലോറൻസ് പള്ളിവരെ കുടിവെള്ള പൈപ്പു സ്ഥാപിക്കാനായി ജല അഥോറിറ്റി റോഡ് പൊളിച്ചതും ശരിയായ രീതിയിൽ മൂടിയിട്ടില്ല. മഴ പെയ്തതോടെ ഇവിടെ രൂപപ്പെട്ട വെള്ളക്കെട്ടിൽ വാഹനങ്ങൾ അപകടത്തിൽപ്പെടുന്നതും പതിവാണ്.

ചെളി നിറഞ്ഞ റോഡുകളിലൂടെ കാൽനട യാത്രികർക്കു നടക്കാൻ പോലുമാകുന്നില്ല. കുഴിയായ റോഡിൽ പൂഴി നിരത്തിയെങ്കിലും ശക്തമായ മഴയിൽ ഇവയെല്ലാം ഒലിച്ചുപോയി. മഴക്കാലം കഴിഞ്ഞതിനു ശേഷമേ അറ്റകുറ്റപ്പണി നടത്താനാകൂവെന്നാണ് അധികൃതരുടെ ഭാഷ്യം. അപ്പോഴേക്കും റോഡുകൾ പൂർണമായും തകർന്ന് ഗതാഗതം താറുമാറാകുമെന്ന് നാട്ടുകാർ ചൂണ്ടിക്കാട്ടുന്നു.

കുടിവെള്ള പൈപ്പ് സ്ഥാപിക്കാനായി എടുത്ത കുഴി പൂഴി നിരത്തിയതിനെത്തുടർന്ന് ചെളിക്കുണ്ടായപ്പോൾ.

കുണ്ടുംകുഴിയുമായ തോപ്പുംപടി റോഡ്.